# മഹാത്മാഗാന്ധി സർവകലാശാല

നം. 1442/AD A3/4/2019/ADMIN　　　　　　　　　　　　　　　　　　തീയതി : 28.10.2022

## ഓഫീസ് ഉത്തരവ്

വിഷയം : ക്യാമ്പസ് ശുചീകരണം - സർവ്വകലാശാലയിലെ ഭാഗിക സമയ ശുചീകരണ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ഓഫീസ് ഉത്തരവ് നം. എഡി.എ 3/2/2362/2019/ഭ.വി.　തീയതി, 26.06.2019

2) ക്ലീനിങ് സൂപ്പർവൈസിംഗ് അസ്സിസ്റ്റന്റിന്റെ 30.09.2022 തീയതിയിലെ അപേക്ഷ.

പരാമർശം (1) ഓഫീസ് ഉത്തരവ് പ്രകാരം ക്യാമ്പസ് ശുചീകരണത്തിനായി ഒരു ദിവസം നിയോഗിച്ചുകൊണ്ടിരിക്കുന്ന ഭാഗിക സമയ ശുചീകരണ ജീവനക്കാരുടെ എണ്ണം 151 ആണ്. പുതിയതായി പ്രവർത്തനം ആരംഭിച്ച കൺവെർജൻസ് അക്കാദമിയ കോംപ്ലക്സിൽ ക്ലീനിംഗിനായി ഭാഗിക സമയ ശുചീകരണ ജീവനക്കാരെ നിയോഗിച്ചിട്ടില്ല എന്നതിനാൽ ഓരോ നിലയിലും 3 പേർ വീതം 8 നിലകളിലായി 24 പേരുടെ ആവശ്യം ഉണ്ടെന്നും ആയതിനാൽ 2 മണിക്കൂർ ശുചീകരണ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം, ക്ലീനിങ് സൂപ്പർവൈസിങ് അസ്സിസ്റ്റന്റ് അപേക്ഷിച്ചിരുന്നു.

പ്രസ്തുത അപേക്ഷ പരിഗണിച്ച്, കൺവെർജൻസ് അക്കാദമിയ കോംപ്ലക്സിലെ 8 നിലകളിൽ, ഓരോ നിലയിലും ഒന്ന് വീതം ആകെ 8 ഭാഗിക സമയ ശുചീകരണ ജോലിക്കാരെ കൂടി ശുചീകരണ ജോലിക്കായി നിയോഗിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവാകുകയും അതനുസരിച്ച് പ്രതിദിനം 2 മണിക്കൂർ ജോലിക്ക് 150/- രൂപ ദിവസവേതനാടിസ്ഥാനത്തിൽ 3 മാസ കാലയളവിലേക്ക് സർവ്വകലാശാലയിൽ നിയോഗിക്കുന്ന ഭാഗിക സമയ ശുചീകരണ ജീവനക്കാരുടെ ആകെ എണ്ണം 151 ൽ നിന്ന് 159 ആയി വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷിജി സെബാസ്റ്റ്യൻ വി.
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവ്വകലാശാല
4. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണ വിഭാഗം)
5. എസ്റ്റേറ്റ് ഓഫീസർ/ എഡി. ബി 3/ എഡി.ഡി./ ജനറൽ ക്യാഷ്
6. പി.ആർ.ഒ /ഐ.റ്റി. സെൽ/സി.എം.എസ്/ ഐ.ക്യു.എ.സി.
7. സിൻഡിക്കേറ്റ് സെക്ഷൻ 1/2/ഫിനാൻസ് 1/ഓഡിറ്റ് 1/5
8. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #14 of File 1442/AD A3/4/2019/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 28-Oct-2022 01:11 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം